(സി) ഇതിന്റെ 4 (1) നോട്ടിഫിക്കേഷൻ എത്ര തവണ റദ്ദുചെയ്തു എന്ന് അറിയിക്കുമോ;

(ഡി) അക്വിസിഷൻ നടപടി ത്വരിതപ്പെടുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ റിക്വിസിഷന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് എൽ. എ. സ്പെഷൽ തഹസിൽദാർ അക്വിസിഷൻ നടപടി ആരംഭിക്കുകയും 15-6-2000-ന് 4(1) നോട്ടിഫിക്കേഷൻ നിയമാനുസൃതം പരസ്യപ്പെടുത്തുകയും തുടർന്ന് 5 (എ) എൻക്വയറി നടത്തുകയും ഉണ്ടായി. അടിയന്തിര ഖണ്ഡത്തിൽപ്പെടുത്തി ഭൂമി അക്വയർ ചെയ്യണമെന്ന ആവശ്യം പിന്നീടാണ് സ്ഥലമെടുപ്പ് ഓഫീസർക്ക് ലഭിച്ചത്. ആ സന്ദർഭത്തിൽ 5(എ) എൻക്വയറി നടപടികൾ ആയ സ്ഥിതിക്ക് അടിയന്തിര ഖണ്ഡ പ്രകാരമുള്ള നടപടികൾ ഉചിതമല്ലാത്തതിനാൽ സാധാരണഖണ്ഡത്തിനു വിധേയമായി തന്നെ നടപടി തുടർന്നു. കോർപ്പറേഷൻ സമർപ്പിച്ച അലൈൻമെന്റ് അനുസരിച്ച് റോഡിന്റെ സർവ്വെ പൂർത്തീകരിച്ച് വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ഗവൺമെന്റ് ഉത്തരവിലെ വിസ്തീർണ്ണവുമായി വലിയ അന്തരം കണ്ടതിനാൽ പുതുക്കിയ ഉത്തരവു ലഭ്യമാക്കാൻ കോർപ്പറേഷൻ സെക്രട്ടറിയോട് ആവശ്യപ്പെടുകയുണ്ടായി. അതിനിടെ സ്ഥലത്തിന്റെ വലിയ വിഭാഗം ഭൂമി കോർപ്പറേഷന്റേയും റോഡ് കമ്മിറ്റിയുടേയും യോഗതീരുമാനപ്രകാരം കക്ഷികൾ സ്വമേധയാ മുൻകൂർ കൈവശംവിട്ടൊഴിഞ്ഞ് തന്നതിനാൽ പ്രസ്തുത ഭൂമി അനൗപചാരികമായി ഏറ്റെടുത്ത് കോർപ്പറേഷനെ ഏൽപ്പിച്ചിരുന്നു. മുൻകൂർ ഏറ്റെടുത്തെങ്കിലും സ്ഥലമെടുപ്പു നിയമത്തിലെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കേണ്ടതുണ്ട്. സ്ഥലമെടുപ്പ് നിയമത്തിലെ കരട് പ്രഖ്യാപനം തയ്യാറാക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു.

(സി) ഇതിന്റെ 4 (1) നോട്ടിഫിക്കേഷൻ റദ്ദു ചെയ്തിട്ടില്ല.

(ഡി) അക്വിസിഷൻ നടപടി ത്വരിതപ്പെടുത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

പുറമ്പോക്ക് ഭൂമിയുടെ പട്ടിക

102 [1304] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, ടി. പി. എം. സാഹിർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലഭ്യമായ പുറമ്പോക്ക് ഭൂമിയുടെ പട്ടിക താലൂക്ക് അടിസ്ഥാനത്തിൽ ലഭ്യമാണോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ ലഭ്യമായ പുറമ്പോക്ക് ഭൂമിയുടെ പട്ടിക തയ്യാറാക്കുവാൻ നിർദ്ദേശം നൽകുമോ;

(സി) സ്വന്തമായി ഓഫീസ് കെട്ടിടമില്ലാത്ത വകുപ്പുകൾക്ക് കെട്ടിടം പണിയാൻ അനുയോജ്യമായ സ്ഥലങ്ങൾ ഇതിൽ നിന്നും ലഭ്യമാക്കാൻ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ പുറംപോക്ക് ഭൂമിയുടെ പട്ടിക വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാണ്.

(ബി) വില്ലേജ് അടിസ്ഥാനത്തിലുള്ള രജിസ്റ്ററുകൾ ലഭ്യമായതിനാൽ പട്ടിക തയ്യാറാക്കുന്നതിന്റെ ആവശ്യം ഉദിക്കുന്നില്ല.

(സി) ലഭ്യമായ പുറംപോക്ക് ഭൂമിയിൽ നിന്നും അനുയോജ്യമായ സ്ഥലങ്ങൾ സ്വന്തമായി ഓഫീസ് കെട്ടിടമില്ലാത്ത വകുപ്പുകൾക്ക് കെട്ടിടം പണിയുന്നതിന് ആവശ്യപ്പെടുന്ന കേസുകളിൽ ഭൂമി കൈമാറ്റത്തിനുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നൽകി വരുന്നുണ്ട്.

പാട്ടത്തിന് നൽകിയ വനഭൂമി

103 [1307] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏക്കർ റവന്യൂ ഭൂമി വിവിധ വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്;

(ബി) ഇവ എന്തു തുകയ്ക്കാണ് പാട്ടത്തിന് നൽകിയിട്ടുള്ളത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) എത്ര ഏക്കർ റവന്യൂ ഭൂമി നിയമവിധേയമല്ലാതെ വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയവരുടെ കൈവശമുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഏക്കർ റവന്യൂ ഭൂമി വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് കൈവശഅവകാശം സ്ഥാപിച്ചു നൽകിയിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly